**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1415** **08-12-2022 - ൽ മറുപടിയ്ക്ക്**

**വിനോദ സഞ്ചാര മേഖലയിലേക്ക് നിക്ഷേപകരെ ആകർഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീമതി ദെലീമ,<br>ശ്രീ. കെ.എം.സച്ചിൻദേവ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വിനോദസഞ്ചാര മേഖലയിലേക്ക് കൂടുതൽ നിക്ഷേപകരെ ആകർഷിക്കുന്നതിനായി സ്വീകരിക്കുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (എ) | വിനോദസഞ്ചാര മേഖലയിലേയ്ക്ക് കൂടുതൽ നിക്ഷേപകരെ ആകർഷിക്കുന്നതിനായി വിവിധ പ്രവർത്തനങ്ങൾ ടൂറിസം വകുപ്പ് നടത്തിവരുന്നു. കാരവൻ ടൂറിസം നയം രൂപീകരിച്ച് പുതുതായി കാരവനുകൾ വാങ്ങുന്നവർക്ക് പരമാവധി 7.5 ലക്ഷം രൂപ സബ്സിഡി നൽകി വരുന്നു. കൂടാതെ വിനോദസഞ്ചാര മേഖലയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സംരംഭകർക്ക് അക്രഡിറ്റേഷൻ നൽകിവരുന്നു.<br><br>1. ആയുർവ്വേദ സെന്റർ<br><br>2. ഹോംസ്റ്റേകൾ<br><br>3. സർവ്വീസ്ഡ് വില്ല<br><br>4. ടൂർ ഓപ്പറേറ്റർമാർ<br><br>5. റെസ്റ്റോറന്റുകൾ<br><br>6. ഫാം സ്റ്റേകൾ<br><br>7. ഹൗസ്ബോട്ടുകൾ<br><br>8. അൻപത് വർഷത്തിന്മേൽ പഴക്കമുള്ള വീട്ടുകൾ കേരളത്തനിമയിൽ പുതുക്കി പണിയുന്നതിന് ധന സഹായം നൽകുന്ന ഗൃഹസ്ഥലി പദ്ധതി.<br><br>9. അഡ്വഞ്ചർ ടൂറിസം പദ്ധതികൾക്കുള്ള അംഗീകാരം.<br><br>ഇത് കൂടാതെ കേരള ടൂറിസം പങ്കെടുക്കുന്ന ബിസിനസ്സ് മീറ്റുകളിലൂടെയും ട്രേഡ് ഫെയറുകളിലൂടെയും കേരളത്തിലെ ടൂറിസം |

| | | | |
|---|---|---|---|
| | | | മേഖലയിലെ നിക്ഷേപസാദ്ധ്യത വ്യവസായികളെ അറിയിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | ഈ സർക്കാരിന്റെ കാലയളവിൽ വിനോദസഞ്ചാര മേഖലയിൽ എത്തിയിട്ടുള്ള നിക്ഷേപം സംബന്ധിച്ച് കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ഈ സർക്കാരിന്റെ കാലത്ത് വിനോദ സഞ്ചാര മേഖലയിൽ എത്തിയ നിക്ഷേപം സംബന്ധിച്ച കണക്കുകൾ ഇതുവരെ പ്രസിദ്ധീകരിച്ചിട്ടില്ല. |
| (സി) | വിനോദസഞ്ചാര മേഖലയിലേക്ക് കൂടുതൽ നിക്ഷേപം കൊണ്ടുവരുന്നതിനും ടൂറിസം മേഖലയെ അന്താരാഷ്ട്രതലത്തിൽ അടയാളപ്പെടുത്തുന്ന തരത്തിലുള്ള ഹോട്ടൽ ശൃംഖലകളെ ആകർഷിക്കുന്നതിനും ആവശ്യമായ നയസമീപനം സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | വിനോദസഞ്ചാര മേഖലയിലേക്ക് കൂടുതൽ നിക്ഷേപം കൊണ്ട് വരുന്നതിനും അത് വഴി കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും സഹായകരമായ നയ സമീപനമാണ് ടൂറിസം വികസനത്തിന്റെ കാര്യത്തിൽ സർക്കാർ സ്വീകരിച്ചു വരുന്നത്. ഇതിന്റെ ഫലമായി ടൂറിസം മേഖലയെ അന്താരാഷ്ട്രതലത്തിൽ അടയാളപ്പെടുത്തുന്ന തരത്തിലുള്ള നിരവധി ഹോട്ടൽ ശൃംഖലകൾ കേരളത്തിൽ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. കേരളത്തിലെ പല പ്രധാനപ്പെട്ട ഡെസ്റ്റിനേഷനുകളിലും ലോക പ്രശസ്തമായ ഗ്രൂപ്പിന്റെ ഹോട്ടൽ ആരംഭിച്ചു കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ